"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - കുടുംബശ്രീ - 2020-21 സാമ്പത്തിക വർഷത്തിൽ കുടുംബശ്രീക്കായി 2515-00-800-48-PV എന്ന ബജറ്റ് ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള പദ്ധതി വിഹിതത്തിന്റെ 50% തുകയായ 100 കോടി രൂപ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഐഎ) വകുപ്പ്**

G.O.(Rt)No.796/2020/LSGD തീയതി,തിരുവനന്തപുരം, 27/04/2020

---

പരാമർശം:- 1 03/07/2018-ലെ സ.ഉ.(പി)നം.100/2018/ധന.

2 കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 14/02/2020-ലെ 2655/എ/2019/കെ.എസ്.എച്ച്.ഒ. നമ്പർ കത്ത്.

3 11/04/2020-ലെ സ.ഉ.(സാധാ)നം.753/2020/ത.സ്വ.ഭ.വ.

**ഉത്തരവ്**

2020-21 സാമ്പത്തിക വർഷത്തിൽ കുടുംബശ്രീയുടെ തുടർ പദ്ധതികളിൽ ഉൾപ്പെടുത്തിയിട്ടുള്ള വിവിധ പ്രവർത്തനങ്ങൾക്കായി 2515-00-800-48-PV എന്ന ബജറ്റ് ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 200 കോടി രൂപയ്ക്ക് ഭരണാനുമതി നൽകി പരാമർശം (3) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. 2020-21 സാമ്പത്തിക വർഷത്തെ പദ്ധതി വിഹിതമായ 200 കോടി രൂപയുടെ 50% തുകയായ 100 കോടി രൂപ അനുവദിച്ചു നൽകണമെന്ന് പരാമർശം (2) പ്രകാരം കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ അഭ്യർത്ഥിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (1) ഉത്തരവിലെ നിബന്ധനകൾക്കു വിധേയമായി, നടപ്പു സാമ്പത്തിക വർഷം കുടുംബശ്രീക്കായി 2515-00-800-48-PV എന്ന ബജറ്റ് ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള പദ്ധതി വിഹിതമായ 200 കോടി രൂപയുടെ 50% തുകയായ 100 കോടി രൂപ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. തദ്ദേശസ്വയംഭരണ വകുപ്പിലെ ഡ്രോയിംഗ് & ഡിസ്ബേഴ്സിംഗ് ഓഫീസർ ടി തുക കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ അക്കൗണ്ടിലേയ്ക്ക് കൈമാറ്റം ചെയ്യേണ്ടതും, കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ തുക വിനിയോഗം സംബന്ധിച്ച സർട്ടിഫിക്കറ്റ് യഥാസമയം സർക്കാരിൽ ലഭ്യമാക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
MINI MOL D
JOINT SECRETARY

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം

ട്രഷറി ഡയറക്ടർ, ട്രഷറി ഡയറക്ടറേറ്റ്, തിരുവനന്തപുരം.
ജില്ലാ ട്രഷറി ഓഫീസർ, ജില്ലാ ട്രഷറി, തിരുവനന്തപുരം.
തദ്ദേശസ്വയംഭരണ (എഫ്എം) വകുപ്പ്.

ഡ്രോയിംഗ് & ഡിസ്ബേഴ്സിംഗ്  ഓഫീസർ, തദ്ദേശസ്വയംഭരണ വകുപ്പ്.
പ്രിൻസിപ്പൽ അക്കൌണ്ടന്റ് ജനറൽ(എ&ഇ), കേരളം, തിരുവനന്തപുരം.
അക്കൌണ്ടന്റ് ജനറൽ (ജി.&എസ്.എസ്.എ./ഇ.&ആർ.എസ്.എ.) കേരളം, തിരുവനന്തപുരം.
ധനകാര്യവകുപ്പ് (20/04/2020-ലെ യു.ഒ.(റിമാർക്സ്) നം.1489966/ഡെവ-2/78/2020-ധന. പ്രകാരം)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ